# കടലാസുതോണികൾ

– ജലിൻ

മഴപെയ്തൊലിക്കുമീ–
യിറമ്പത്തൊഴുക്കിയ
കടലാസുതോണികൾ
നോക്കി ഞാനിരിക്കുന്നു.

ആടിയുമുലഞ്ഞുമി–
ന്നവ മുങ്ങുന്നു; ദുഃഖ–
മൂകനായതുകണ്ടു
നില്ക്കുന്നു മകനപ്പോൾ.

നീയറിയുന്നോ മഴ–
ക്കാറു മൂടിയതാണു
ജീവിതമിതുപോലെ
ദുഃഖമഗ്നവുമത്രേ.

കണ്ണുനീരിനാലുപ്പു
ചേർന്നൊരാക്കയങ്ങളിൽ
കൊച്ചു തോണിയിലേക–
നായി നീ തുഴയണം.




മഴപെയ്തടങ്ങുന്നു; പിന്നെയും വിമൂകനായ്
നനവാർന്നൊരീ മുറ്റത്തെന്തിനു നിൽക്കുന്നു നീ?

തെളിയും നീലാകാശ–
ത്തിൻെറ വക്കിലായ് മിന്നി–
ത്തിളങ്ങും ധ്രുവതാരം
നിൻ വഴി തെളിക്കുമ്പോൾ

നീ തളർന്നുറങ്ങരു–
തകലത്തല്ലോ ലക്ഷ്യ–
സ്ഥാന; മങ്ങുഷക്കാലം
നിൻ മിഴി മുകർന്നാവു.

മഴപെയ്തടങ്ങുന്നു;
പിന്നെയും വിമൂകനായ്
നനവാർന്നൊരീ മുറ്റ–
ത്തെന്തിനു നില്ക്കുന്നു നീ ?■

1964 കൗമുദി വാരിക